**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പ്രൈമറി സ്കൂൾ പ്രഥമാദ്ധ്യാപക നിയമനം - കെ.ഇ.ആക്ടും ചട്ടങ്ങളും സംബന്ധിച്ച പരീക്ഷ പാസ്സാകണമെന്ന 2011 ലെ കേരളവിദ്യാഭ്യാസ അവകാശചട്ടങ്ങളിലെ നിബന്ധനയിൽ നിന്നും 50 വയസ്സു കഴിഞ്ഞവർക്ക് ഇളവ് - അനുവദിച്ച് ഉത്തരവാകുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ)വകുപ്പ്

സ.ഉ(എം.എസ്) നം.92/2014/പൊവിവ — തീയതി, തിരുവനന്തപുരം, 2.6.2014

---

പരാമർശം:1. 30.4.2011 ലെ സ.ഉ.(പി) നം.100/11/പൊവിവ നമ്പർ ഉത്തരവ്

2. പൊതുവിദ്യാഭ്യാസഡയറക്ടറുടെ 28.5.2013 ലെ എച്ച്2/29282/13/ഡിപിഐ നം. കത്ത്.

**ഉത്തരവ്**

2011 ലെ കേരളവിദ്യാഭ്യാസ അവകാശചട്ടങ്ങളിലെ 18-ാം ചട്ടത്തിലെ 1-ാം ഉപചട്ടത്തിൽ പ്രൈമറി സ്കൂൾ പ്രഥമാദ്ധ്യാപകർ കെ.ഇ.ആക്ടും ചട്ടങ്ങളും സംബന്ധിച്ച പരീക്ഷ പാസ്സായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിബന്ധനയിൽ നിന്നും 50 വയസ്സുകഴിഞ്ഞ അദ്ധ്യാപകരെ ഒഴിവാക്കണമെന്ന് അദ്ധ്യാപക സംഘടനകൾ അഭ്യർത്ഥിക്കുകയും, ഇക്കാര്യത്തിൽ ഇളവനുവദിക്കുന്നത് ഉചിതമാണെന്ന് പൊതുവിദ്യാഭ്യാസഡയറക്ടർ സൂചന (2) പ്രകാരം സർക്കാരിനെ അറിയിക്കുകയും ചെയ്തിരുന്നു.

മേൽ സാഹചര്യത്തിൽ പ്രൈമറി സ്കൂളുകളിലെ പ്രഥമാദ്ധ്യാപക നിയമനത്തിന് കേരളവിദ്യാഭ്യാസആക്ടും ചട്ടങ്ങളും സംബന്ധിച്ച പരീക്ഷ പാസ്സായിരിക്കണമെന്ന 2011 ലെ കേരളവിദ്യാഭ്യാസഅവകാശചട്ടങ്ങളിലെ 18-ാം ചട്ടത്തിലെ 1-ാം ഉപചട്ടത്തിലെ നിബന്ധനയിൽ നിന്നും 50 വയസ്സുകഴിഞ്ഞ അദ്ധ്യാപകരെ ഒഴിവാക്കി ഇളവനുവദിച്ച് ഉത്തരവാകുന്നു. ഇക്കാര്യം സംബന്ധിച്ച് 2011 ലെ കേരളവിദ്യാഭ്യാസ അവകാശചട്ടങ്ങളിൽ (ആർ.റ്റി.ഇ ചട്ടങ്ങൾ) ആവശ്യമായ നിയമഭേദഗതി പിന്നീട് പരിശോധിച്ച് പ്രത്യേകമായി വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

**സ്പെഷ്യൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം
എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം,തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ(എ&ഇ) കേരളം,തിരുവനന്തപുരം.
പൊതുഭരണ(എസ്.സി)വകുപ്പ്
നിയമ(ഒപ്പീനിയൻ എഫ്) വകുപ്പ് (10.3.2014 ലെ യു.ഒ ഫയൽ 1571/എഫ്1/14/നിയമം മുഖേന)
ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
സ്റ്റോക്ക്ഫയൽ/ഓഫീസ്കോപ്പി

പകർപ്പ് ബഹു.വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പൊതുവിദ്യാഭ്യാസവകുപ്പുസെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്

ഉത്തരവിൻപ്രകാരം

**സെക്ഷൻഓഫീസർ**